**KERALA STATE ELECTRICITY BOARD Ltd.**
***(Incorporated under the Indian Companies Act, 1956)***
**Corporate Identity Number (CIN) - U40100KL2011SGC027424**
Office of the Executive Engineer, Transmission Division,
Vydyuthi Bhavanam, Kottappuram Road, Thrissur – 680 004.
Phone: (O) 0487 2380436, FCT Office: 9496009872
EE–Personal– 9446008374, E-mail: eetdtsr@gmail.com

## കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിററഡ്

### വിജ്ഞാപനം

നമ്പർ: ട്രാൻസ്മിഷൻ ഡിവിഷൻ, തൃശ്ശൂർ / 01/2024

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ വിദ്യുച്ഛക്തി പ്രസരണ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വോൾട്ടേജ് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സബ്സ്റ്റേഷനുകളും ട്രാൻസ്മിഷൻ ലൈനുകളും നിർമിക്കുന്നതിന്റെ ഭാഗമായി 110 കെ.വി വിയ്യൂർ സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി പുഴയ്ക്കൽ ശോഭ സിറ്റി സബ്സ്റ്റേഷൻ വരെ ഏകദേശം 3 കി.മി നീളത്തിൽ ഒരു 33 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ നിർമിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ് അനുമതി നൽകിയിരിക്കുന്നു.

745 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2025-ൽ കമ്മീഷൻ ചെയ്യുന്നതാണ്. 33 കെ.വി ലൈൻ നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി തൃശ്ശൂർ താലൂക്കിൽപ്പെട്ട കൊട്ടേക്കാട്, കുറ്റൂർ, പുറനാട്ടുക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന ചാമക്കാട് സൗത്ത്, ചാമക്കാട് പാലം No.1, ചാമക്കാട് പാലം No.2, കാരേക്കാട് ചിറ എന്നീ സ്ഥലങ്ങളിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും ഉപയോഗിച്ച് സർവ്വേ നടത്തുന്നതിനും ലൈനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും ഉദ്യോഗസ്ഥരും അവർ ഏൽപ്പിക്കുന്ന പ്രതിനിധികളും നിയമാനുസൃത കൃത്യനിർവഹണത്തിനായി ആവശ്യമായ ഏതു സമയത്തും പ്രവേശിക്കുന്നതാണെന്നും ഉള്ള വിവരം ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ന്റെ 67,68,164,185(2) (എ & ബി), ടെലികമ്മ്യൂണിക്കേഷൻ ആക്ട് 2023 ചാപ്റ്റർ XI (3) എന്നീ വകുപ്പുകൾ പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
ട്രാൻസ്മിഷൻ ഡിവിഷൻ
തൃശ്ശൂർ